## യു ഡി എഫ് ഭരണത്തിൽ

# സൗജന്യവിദ്യാഭ്യാസം തകർക്കപ്പെടുന്നു

**എം ഷാജഹാൻ**

**ജനറൽ സെക്രട്ടറി, കെ എസ് ടി എ**

കേരളത്തിൽ നിലനിൽക്കുന്ന സൗജന്യവും സാർവ്വത്രികവുമായ സ്കൂൾ വിദ്യാഭ്യാസം യു ഡി എഫ് സർക്കാരിന്റെ തലതിരിഞ്ഞ നയങ്ങൾമൂലം തകർക്കപ്പെടുകയാണ്. ഫീസ് സൗജന്യം മാത്രമല്ല പുസ്തകങ്ങൾ, പാൽ, മുട്ട, ഉച്ചഭക്ഷണം, പ്രഭാതഭക്ഷണം, യൂണിഫോം തുടങ്ങി ലാപ്ടോപ്പുകളും, നെറ്റ്ബുക്കുകയും വരെ സൗജന്യമായി വിദ്യാർത്ഥികൾക്ക് ലഭിച്ച കാലമുായിരുന്നു. യു.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയശേഷം ഈ പദ്ധതികളെല്ലാം തകരുന്ന കാഴ്ചയാണ് നാം കാണുന്നത്.

കേരളത്തിന്റെ സാമൂഹ്യവളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച പൊതുവിദ്യാഭ്യാസ സംവിധാനവും തകർച്ചയെ നേരിടുകയാണ്. പൂർണ്ണ ചുമതലയുള്ള പൊതുവിദ്യാഭ്യാസ സെക്രട്ടറിയും ഡയറക്ടറും ഇല്ലാത്ത സാഹചര്യം ഇതിനു മുൻപൊരിക്കലും വിദ്യാഭ്യാസ വകുപ്പിന് ഉായിട്ടില്ല. ഐ.ടി@സ്കൂൾ, എസ്.എസ്.എ തുടങ്ങിയ വിദ്യാഭ്യാസ പ്രോജക്ടുകളിൽ ഡയറക്ടർമാർ ഇല്ലാതായിട്ട് ഒരുവർഷത്തിലേറെയായി. അക്കാദമിക വർഷം അവസാനിക്കാറായിട്ടും 140 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പാൾമാരെ നിയമിച്ചിട്ടില്ല. സ്കൂൾ തുറന്ന് 4 മാസക്കാലം വരെ പകുതിയിലധികം വിദ്യാഭ്യാസ ഓഫീസുകൾ ചുമതലക്കാരില്ലാതെ ഒഴിഞ്ഞുകിടന്നു. പൊതുവിദ്യാഭ്യാസ സംവിധാനത്തേയും വിദ്യാലയങ്ങളേയും മുന്നോട്ടുപോകാൻ കഴിയാത്തവിധം പ്രതിസന്ധിയിലാക്കുന്ന ഭരണസംവിധാനമാണ് ഇന്ന് കേരളത്തിലുള്ളത്.

പാഠപുസ്തക അച്ചടിയും വിതരണവും സ്വകാര്യ ഏജൻസികളുടെ കൊള്ളലാഭത്തിന്റെ മേഖലയായി മാറിയപ്പോഴാണ് പാഠപുസ്തക അച്ചടി ഏറ്റെടുക്കാൻ 1968 ൽ ഇ.എം.എസ് സർക്കാർ തീരുമാനിച്ചത്. സർക്കാർതന്നെ കോടിക്കണക്കിന് രൂപ ചിലവാക്കി കുറഞ്ഞവിലയ്ക്ക് ഹയർസെക്കന്ററി വരെയുള്ള പാഠപുസ്തകം നൽകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. അച്ചടി, വിതരണ ഡിപ്പാർട്ട്മെന്റുകൾതന്നെ അന്നത്തെ സർക്കാർ ആരംഭിച്ചു. ഇതോടെ ഈ രംഗത്തു നിലനിന്ന കടുത്ത ചൂഷണത്തിൽ നിന്നും രക്ഷിതാക്കളും കുട്ടികളും മോചിതരായി. 1980 ലെ നായനാർ സർക്കാർ പഠനോപകരണങ്ങൾ സൗജന്യമായി നൽകാനുള്ള നടപടികളും ആരംഭിച്ചു. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 8–ാം ക്ലാസുവരെയുള്ള മുഴുവൻ കുട്ടികൾക്കും പാഠപുസ്തകം സൗജന്യമായി നൽകിത്തുടങ്ങി. കൂടാതെ കേന്ദ്രാവിഷ്കൃത ഫിന്റെ സഹായത്തോടെ രുജോഡി യൂണിഫോം എട്ടാംതരംവരെയുള്ള കുട്ടികൾക്ക് നൽകി.

സമഗ്ര പോഷകാഹാര പദ്ധതിക്കും രൂപം നൽകിയത് കഴിഞ്ഞ എൽ ഡി എഫ് സർക്കാരണ്. പ്രഭാതഭക്ഷണം, പാൽ, മുട്ട തുടങ്ങി എല്ലാവിധ പോഷകഘടകങ്ങളും അടങ്ങിയ ഉച്ചഭക്ഷണമുൾപ്പെടെയുള്ള പദ്ധതി തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂളുകളിൽ ആരംഭിച്ചു. സ്കൂളുകളിൽ നടത്തിയ ആരോഗ്യ സർവ്വേയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു പദ്ധതിയ്ക്ക് തുടക്കമിട്ടത്. 30 ശതമാനത്തിലധികം കുട്ടികൾ പോഷകാഹാരക്കുറവുള്ളവരാണെന്നാണ് അന്ന് കത്തെിയത്. മിൽമ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയുമായി സർക്കാർ കരാറുാക്കി. കേന്ദ്രസർക്കാർ തരുന്ന അരിക്കുപുറമെ പയർ, കടല, പലവ്യഞ്ജനങ്ങൾ, പാൽ, മുട്ട എന്നിവ സ്കൂളുകളിൽ വിതരണം ചെയ്യാൻ തീരുമാനിച്ചു. പാചകക്കൂലി വർദ്ധിപ്പിക്കു

കയും ചെലവാകുന്ന തുക മുഴുവൻ നൽകുന്ന നടപടികളും ആരംഭിച്ചു. യു.ഡി.എഫ് സർക്കാർ തുടക്കത്തിലേ ഈ പദ്ധതികൾ തകർക്കാൻ തീരുമാനിച്ചു. കരാറുകൾ റദ്ദുചെയ്തു. കേന്ദ്രം നൽകുന്ന അരിമാത്രം വിതരണം ചെയ്യുന്ന പദ്ധതിയായി ഇതിനെ ചുരുക്കി, ഒന്നിനും തികയില്ലെന്നറിഞ്ഞിട്ടും കുട്ടിയൊന്നിന് 5–6 രൂപ ക്രമത്തിൽ തുക പുതുക്കി നിശ്ചയിച്ചു. എല്ലാ ചെലവുകളും ഇതിൽ നിന്നു വഹിക്കാനും നിർദ്ദേശം നൽകി. ബാക്കിചെലവുകളും ബാധ്യതയും ഹെഡ്മാസ്റ്റർമാരുടെയും രക്ഷിതാക്കളുടെയും തലയിൽ കെട്ടിവച്ചു. അനുവദിച്ച ഫുപോലും യഥാസമയം നൽകാതെയായി. ഫലത്തിൽ പോഷകാഹാര പദ്ധതി തകരുകയും ഉച്ചക്കഞ്ഞിപോലും തുടരാൻ കഴിയാത്ത അവസ്ഥയിലേക്ക് ഈ പദ്ധതി അട്ടിമറിക്കപ്പെടുകയും ചെയ്തു.

സൗജന്യ യൂണിഫോമിന്റെ സ്ഥിതി ഇതിനേക്കാൾ പരിതാപകരമാണ്. 133 കോടിയാണ് സർക്കാർ മാറ്റിവച്ചത്. കുട്ടികൾക്ക് 400 രൂപ വീതം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ അധ്യാപക–രക്ഷാകർതൃ സമിതി മുഖേന യൂണിഫോം വാങ്ങിയിരുന്നു. ഇത് നിർത്തലാക്കി കുത്തകകളായ തുണിക്കച്ചവടക്കാരുമായി വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസ് നേരിട്ട് കരാറിലേർപ്പെട്ടു. സർക്കാർ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനെ ഇതിൽ നിന്നും ഒഴിവാക്കി. തുണിവ്യാപാരത്തിലെ അമിത ലാഭത്തിന്റെ സാധ്യത ഉപയോഗിച്ച് 25 കോടി രൂപയുടെ കമ്മീഷൻ നേടലായിരുന്നു ലക്ഷ്യം. ഇതുപുറത്തായതോടെ ഈ വർഷത്തെ കുട്ടികളുടെ യൂണിഫോം വിതരണവും മുടങ്ങിയിരിക്കുകയാണ്. 8 ലക്ഷത്തോളം വരുന്ന സർക്കാർ സ്കൂളിലെ കുട്ടികൾക്ക് എസ്.എസ്.എ യുടെ വിഹിതമായ 33 കോടി രൂപ ഹെഡ്മാസ്റ്റർമാരുടെ അക്കൗിലേക്ക് മാറ്റിക്കഴിഞ്ഞു. 16 ലക്ഷത്തോളം വരുന്ന എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് കൊടുക്കേ 100 കോടി രൂപയും നൽകാൻ ധനകാര്യവകുപ്പ് തയ്യാറായില്ല. ഫലത്തിൽ ഈ വർഷം യൂണിഫോം വിതരണം നടക്കാൻ സാധ്യതയില്ല. ക്രമേണ സൗജന്യ യൂണിഫോം പദ്ധതി നിർത്തലാക്കാനാണ് നീക്കം.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന എൽ.ഡി.എഫ് സർക്കാരിന്റെ ഏറ്റവും ശ്രദ്ധേയമായ പദ്ധതിയും നിർത്തലാക്കിയിരിക്കുകയാണ്. പിന്നോക്കം നിൽക്കുന്ന സ്കൂളുകളെ മെച്ചപ്പെടുത്തുന്ന 104 സ്കൂൾ പദ്ധതി, പത്താംക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് വൈകുന്നേരം ലഘുഭക്ഷണം നൽകുന്ന പദ്ധതി എന്നിവ നിർത്തലാക്കി. ഒരുമണിക്കൂർ സ്വയംപഠനത്തിന് സൗകര്യമൊരുക്കുന്ന പദ്ധതി, അയൽപക്ക പഠനം, പഠനവീട് തുടങ്ങി കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ എൽ.ഡി.എഫ് സർക്കാർ കൊുവന്ന എല്ലാ പദ്ധതികളും ഘട്ടംഘട്ടമായി സർക്കാർ നിർത്തലാക്കി. ഐ.ടി അധിഷ്ഠിത പഠനത്തിന് നേതൃത്വം കൊടുക്കുന്ന ഐ.ടി @ സ്കൂൾ പ്രോജക്ടിന്റെ പ്രവർത്തനങ്ങളെ താളം തെറ്റിച്ചു. സ്കൂളുകളിൽ ഐ.ടി ഉപകരണങ്ങൾ വാങ്ങാൻ വർഷം തോറും കേന്ദ്ര സർക്കാർ നൽകിയിരുന്ന അഞ്ഞൂറുകോടിരൂപ വീതം ുവർഷമായി മുടങ്ങി കിടക്കുകയാണ്. നെറ്റ് ബുക്കുവരെ സൗജന്യമായി നൽകാൻ ആവിഷ്ക്കരിച്ച പദ്ധതിയും ഫലത്തിൽ ഇല്ലാതായി.

ഹയർസെക്കന്ററി വിദ്യാഭ്യാസവും കടുത്ത പ്രതിസന്ധിയിലാണ്. ഏകജാലക സമ്പ്രദായത്തിലൂടെയുള്ള പ്രവേശനത്തോടൊപ്പം മാർക്ക് കുറഞ്ഞ 1500 ഓളം കുട്ടികൾക്ക് പ്രത്യേക ഉത്തരവിലൂടെ സമാന്തര പ്രവേശനം നൽകി. എൻജിനീയറിംഗിന് മാർക്ക് പരിഗണിക്കാൻ നടപ്പിലാക്കിയ ഡബിൾ വാല്യുവേഷൻ നിർത്തലാക്കാനാണ് നീക്കം. 60 കുട്ടികൾ ഇരിക്കേ ബാച്ചിൽ 75 കുട്ടികളെവരെ ഇരുത്തി പഠന പ്രവർത്തനം തകർക്കാൻ സർക്കാർ ശ്രമിക്കുന്നു. സി.ബി.എസ്.ഇ മാനേജ്മെന്റുകളുടെ പരാതിയുടെ പേരിൽ മാർക്ക് ദാനവിവാദമുാക്കി ഹയർസെക്കന്ററി സംവിധാനത്തിന്റെ വിശ്വാസ്യത തകർക്കാൻ സർക്കാർതന്നെ ഒത്താശ ചെയ്യുന്നു.

പാഠ്യപദ്ധതി അട്ടിമറിച്ച് പാഠപുസ്തകങ്ങളുടെ മികവ് ഇല്ലാതാക്കാൻ ശ്രമിക്കുന്നു. അധ്യാപക പരിശീലനം പാടെ നിർത്തലാക്കി. മികവുകൾ പരിചയപ്പെടുത്താനും പുതുതായ പഠന രീതി

കളും വ്യത്യസ്ത പഠന തന്ത്രങ്ങളും ചർച്ച ചെയ്യുന്നതിനുള്ള അവസരങ്ങൾ പൂർണ്ണമായും നിഷേധിച്ചു. അഴിമതിക്കാരനായ ഡയറക്ടറെ നിയമിച്ച് വിദ്യാഭ്യാസ ഗവേഷണകേന്ദ്രം (എസ്.സി.ഇ.ആർ.ടി) അക്കാദമിക രംഗത്തെ തകർക്കുന്ന ഗൂഢാലോചനയുടെ കേന്ദ്രമാക്കി. ഓപ്പൺ സ്കൂൾവഴി പഠിച്ചിരുന്ന കുട്ടികളുടെ പഠനം അവതാളത്തിലാക്കിയിരിക്കുന്നു. കേന്ദ്ര പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ഡയറ്റുകളിൽ (ജില്ലാതല വിദ്യാഭ്യാസ പരിശീലന കേന്ദ്രം – ഡയറ്റ്) പ്രവർത്തിക്കുന്ന എഴുപതിലധികം ലക്ചർമാരെ പിരിച്ചുവിടാൻ തീരുമാനിച്ചിരിക്കുന്നു. വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ കടന്നുവന്നവരെ പിരിച്ചുവിട്ട് അക്കാദമികരംഗത്ത് പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഈ സ്ഥാപനങ്ങളെ തകർക്കലാണ് സർക്കാരിന്റെ ലക്ഷ്യം.

വിദ്യാർത്ഥികളുടെ സൗജന്യങ്ങൾ നിഷേധിക്കുക മാത്രമല്ല ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട എല്ലാത്തരം അക്കാദമിക നേട്ടങ്ങളേയും തകർക്കാനുള്ള നടപടികളുമായി വിദ്യാഭ്യാസ മന്ത്രിയും യു.ഡി.എഫ് സർക്കാരും മുന്നോട്ടുപോകുകയാണ്. അധ്യാപക – വിദ്യാർത്ഥി അനുപാതം കുറച്ച് ക്ലാസ് മുറികളെ മികവുള്ളതാക്കാനുള്ള വിദ്യാഭ്യാസ അവകാശ നിയമത്തിലെ നിർദ്ദേശം ഈ വർഷത്തെ തസ്തിക നിർണ്ണയത്തിലൂടെ സർക്കാർ തള്ളിക്കളഞ്ഞിരിക്കുകയാണ്. മുവ്വായിരത്തി മുന്നൂറ് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഉയർത്തികാണിക്കുന്ന മാധ്യമങ്ങളും സർക്കാരും 8700 ഓളം മികവുള്ള പൊതുവിദ്യാലയങ്ങളുടെ നേട്ടങ്ങളെ തമസ്ക്കരിക്കുന്നു. കുട്ടികളുടെ എണ്ണംകൊും അക്കാദമിക മികവുകൊ് എട്ടായിരത്തിലധികം സ്കൂളുകൾ മറ്റേത് വിദ്യാഭ്യാസ സ്ഥാപനങ്ങളേക്കാളും മുന്നിലാണ്. ലോകത്തുതന്നെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന തിരുവനന്തപുരം പട്ടം സെന്റ് മേരീസ് സ്കൂളും (12000 കുട്ടികൾ) ആറായിരത്തിലധികം പെൺകുട്ടികൾ പഠിക്കുന്ന കോട്ടൺഹിൽ  ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂളും ലോകശ്രദ്ധ നേടിയ സ്ഥാപനങ്ങളാണെന്ന് പൊതുവിദ്യാലയങ്ങളെ കണ്ണടച്ച് വിമർശിക്കുന്നവർ ഓർക്കണം. 38 ലക്ഷം കുട്ടികളുടെ പഠനം നിർവഹിക്കുന്ന പൊതുവിദ്യാലയങ്ങളെയും സൗജന്യ വിദ്യാഭ്യാസത്തേയും തകർക്കാൻ 2500 സി.ബി.എസ്.ഇ അൺ–എയ്ഡഡ് സ്കൂളുകൾക്കാണ് ഈ സർക്കാർ വന്നതിനു ശേഷം അംഗീകാരം നൽകിയത്. വീും 2600 സ്കൂളുകൾക്ക് അംഗീകാരം നൽകാൻ പോകുന്നു.

പൊതുവിദ്യാലയങ്ങളുടെ അക്കാമിക മികവുകൾ തകർത്തും വിദ്യാഭ്യാസ സംവിധാനങ്ങളെ ദുർബലപ്പെടുത്തിയും വിദ്യാഭ്യാസ കച്ചവടക്കാർക്കുവേി പ്രവർത്തിക്കുന്ന യു.ഡി.എഫ് സർക്കാരിന്റെ നടപടികളെ എന്തുവിലകൊടുത്തും തടഞ്ഞേ മതിയാകൂ.